**'ഭരണഭാഷ-മാതൃഭാഷ'**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - എസ്.സി.എസ്.പി ഫണ്ട് - ഷൊർണ്ണൂർ നഗരസഭാ- 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേയ്ക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം. 5023/2025/ധന തീയതി, തിരുവനന്തപുരം, 06-06-2025

പരാമർശം : 1. ഷൊർണ്ണൂർ നഗരസഭാ ചെയർമാന്റെ 14.05.2025 തീയതിയിലെ കത്ത്.

2. ഷൊർണ്ണൂർ സബ് ട്രഷറി ഓഫീസറുടെ 07.05.2025 തീയതിയിലെ സാക്ഷ്യപത്രം.

3. സ.ഉ. (പി) നം.86/2016/ധന തീയതി. 17.06.2016

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭാ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനുമായ Scholarship for SC students lady 2023-24 (പ്രോജക്ട് നമ്പർ 33) എന്ന പദ്ധതിയുടെ ഭാഗമായി നാല് ഗുണഭോക്താക്കൾക്കായെടുത്ത എഴുപതിനായിരം രൂപയിൽ കുമാരി അമൃത പി യു ന്റ കിട്ടേണ്ട തുക ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയതിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയ തുകയായ ₹ 15,000/- പുനരനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഷൊർണ്ണൂർ നഗരസഭാ ചെയർമാൻ പരാമർശം (1) പ്രകാരം സർക്കാരിന് കത്ത് ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (2) പ്രകാരം ഷൊർണ്ണൂർ സബ് ട്രഷറി ഓഫീസർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിന്റെയും, പരാമർശം (3) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, ഷൊർണ്ണൂർ നഗരസഭാ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനുമായ Scholarship for SC students lady

2023-24 (പ്രോജക്റ്റ് നമ്പർ 33) എന്ന പദ്ധതിയുടെ ഭാഗമായി നാല് ഗുണഭോക്താക്കൾക്കായെടുത്ത എഴുപതിനായിരം രൂപയിൽ കുമാരി അമൃത പി.യു ന് കിട്ടേണ്ടതും ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയതിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുകയായ ₹ 15,000/- (പതിനയ്യായിരം രൂപ മാത്രം) "3604-00-200-81-(07)-35 ' എന്ന ശീർഷകത്തിൽ നിന്നും ഷൊർണ്ണൂർ നഗരസഭയ്ക്ക് (M 0 9 0 2 0 0) പുനരനുവദിച്ച് ഉത്തരവാകുന്നു.

3) മേൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നഗരസഭ സെക്രട്ടറി അടിയന്തരമായി കൈമാറേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- II), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രസിഡന്റ്/ സെക്രട്ടറി ഷൊർണ്ണൂർ നഗരസഭ, പാലക്കാട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്മെന്റ് വിംഗ്/ എസ്.എസ് ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3145847)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ